പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2046 05-05-2017 ൽ മറുപടിക്ക്

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനു പ്രത്യേക ഘടകപദ്ധതിയെന്ന വികസനനയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | | ശ്രീ എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രവികസനത്തിനായി പ്രത്യേക ഘടകപദ്ധതി എന്ന വികസന നയം എന്നാണ് രൂപം കൊണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ്<br>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രവികസനത്തിനായി പ്രത്യേക ഘടകപദ്ധതി എന്ന വികസനനയം(SCP-Special Component Plan) 6-ാം പഞ്ചവത്സര പദ്ധതി മുതലാണ് പ്ലാനിംഗ് കമ്മീഷൻ രൂപം നൽകിയത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ്<br>അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷമായ 1974-75 ലാണ് ട്രൈബൽ സബ് പ്ലാൻ പദ്ധതി ആരംഭിച്ചത്. |
| (ബി) | ഇപ്രകാരം ഒരു വികസന നയം രൂപം കൊണ്ടതിനുശേഷം പ്രസ്തുത വിഭാഗങ്ങളെ സാമ്പത്തിക പുരോഗതിയിലേക്കും സാമൂഹിക ശാക്തീകരണത്തിലേക്കും നയിക്കുന്ന എന്തെല്ലാം മാറ്റങ്ങളാണ് രൂപപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ്<br>കേരളത്തിലെ ജനസംഖ്യയുടെ 9.10% വരുന്ന പട്ടികജാതി വിഭാഗക്കാരെ ഇതര ജനവിഭാഗങ്ങളോടൊപ്പം എത്തിക്കുക എന്നതാണ് പ്രത്യേക ഘടകപദ്ധതിയുടെ ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റുന്നതിനു വേണ്ടി പട്ടികജാതിക്കാരുടെ സാമൂഹ്യ, വിദ്യാഭ്യാസം, സാമ്പത്തികം തുടങ്ങിയ എല്ലാ മേഖലകളിലും സമഗ്രവികസനത്തിനും ഉന്നമനത്തിനും പ്രാധാന്യം നൽകി സർക്കാർ ബഹുമുഖ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഫലമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏതൊരു |

| | | | |
|---|---|---|---|
| | | | പൗരന്റെയും അവകാശങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചും സ്വയം ബോധവാന്മാരാകുന്നതിനും, ഇതര വിഭാഗങ്ങളോടൊപ്പം അവകാശങ്ങൾ നേടിയെടുക്കുന്നതിനുമുള്ള പരിജ്ഞാനം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്ന സാക്ഷരതാ നിരക്ക് കേരളത്തിലെ പട്ടികജാതിക്കാർക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിൽപരം, സാമൂഹ്യം, സാമ്പത്തികം തുടങ്ങി എല്ലാ മേഖലകളിലും കേരളത്തിലെ പട്ടികജാതിക്കാർ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണ്. പട്ടികജാതി വിഭാഗക്കാരെ സാമ്പത്തിക പുരോഗതിയിലേയ്ക്കും സാമൂഹിക ശാക്തീകരണത്തിലേയ്ക്കും നയിക്കുന്നതിനു വേണ്ടി എസ്.സി.എസ്.പി-യിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>സാമ്പത്തിക വികസന പദ്ധതികൾ<br>സ്വയം തൊഴിൽ പദ്ധതി, തൊഴിൽ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്കുള്ള അപ്രന്റിസ്ഷിപ്പ്, ടൂൾകിറ്റ്, പട്ടികജാതിക്കാരുടെ വായ്പ എ;ഴുതി തള്ളൽ പദ്ധതി, ഉൽപ്പന്ന പ്രദർശന വിപണന മേള, സ്വയം പര്യാപ്ത ഗ്രാമങ്ങൾ, വിദേശ തൊഴിൽ ധനസഹായം, കേരള സംസ്ഥാന എസ്.സി/എസ്,റ്റി ഫെഡറേഷൻ മുഖേനയുള്ള ധനസഹായം, കേരള സംസ്ഥാന എസ്.സി/എസ്,റ്റി ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിലൂടെയുള്ള പദ്ധതികൾ തുടങ്ങിയവ സാമ്പത്തിക വികസനത്തിനായി പട്ടികജാതി വികസനത്തിനുള്ള പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.<br>സാമൂഹ്യ ക്ഷേമ പദ്ധതികൾ<br>വിവിധ വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ, വിവാഹ ധനസഹായം, മിശ്ര വിവാഹിതർക്കുള്ള ധനസഹായം, ഭൂരഹിത പുനരധിവാസ പദ്ധതി, ഭവന നിർമ്മാണ ധനസഹായം, ദുർബല വിവാഹങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി, ടോയ്ലറ്റ് നിർമ്മാണം, പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക |

| | | | |
|---|---|---|---|
| | | | നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി, ഉദ്യോഗാർത്ഥികൾക്കുള്ള യാത്രാ ബത്ത, ഐക്യദാർഢ്യ പക്ഷാചരണം, ഭവനപുനരുദ്ധാരണം, ഹോമിയോ ഹെൽത്ത് സെന്റർ, വിജ്ഞാൻ വാടി തുടങ്ങിയ പദ്ധതികൾ സാമൂഹിക ക്ഷേമത്തിനായി പട്ടികജാതി വികസനത്തിനായുള്ള പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.<br><br><u>പട്ടിക വർഗ്ഗ വികസന വകുപ്പ്</u><br><br>ട്രൈബൽ സബ് പ്ളാൻ പദ്ധതി ആരംഭിക്കുന്നതിന് മുൻപ് ഭൂരിഭാഗം പട്ടികവർഗ്ഗക്കാരും ദാരിദ്രരേഖയ്ക്ക് താഴെ ആയിരുന്നു. എന്നാൽ വിദ്യാഭ്യാസം , ആരോഗ്യം, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം, പാർപ്പിടം, ഭൂമി, തൊഴിൽ നൈപുണ്യം എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള ട്രൈബൽ സബ്പ്ളാൻ പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാരുടെ സാമൂഹികവും , സാമ്പത്തികവുമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വകുപ്പ് നടത്തുന്ന പദ്ധതികളിലൂടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും 1997-98 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഏറ്റെടുത്ത് നടത്തിയ പദ്ധതികളിലൂടെയും, പ്രോജക്ടാധിഷ്ഠിത കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും, പട്ടിക വർഗ്ഗ ജന വിഭാഗത്തിന് കാര്യ മായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 1976-78 കാലയളവിൽ എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വേയിലെ വസ്തുതകളും, 2008-ൽ വകുപ്പ് നടത്തിയ സർവ്വേ റിപ്പോർട്ടുകളും പരിശോധിച്ചാൽ സാമൂഹിക സാമ്പത്തിക മേഖലകളിൽ നേട്ടം കൈവരിച്ചതായി കാണുന്നുണ്ട്. നാഷണൽ സാമ്പിൾ സർവ്വേ |

| | | | |
|---|---|---|---|
| | | | ഓർഗനൈസേഷൻ (NSSO) യുടെ ഏറ്റവും ഒടുവിലത്തെ സർവ്വേ റിപ്പോർട്ട് വ്യക്തമാക്കുന്നത് പട്ടികവർഗ്ഗ വിഭാഗത്തിൽ ഏകദേശം 33 1/3 ശതമാനം മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളത്.<br>ജനസംഖ്യാനുപാതത്തിൽ കവിഞ്ഞ് ഫണ്ട് വകയിരുത്തി പട്ടിക വർഗ്ഗ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) | ഗവൺമെന്റ് നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നൽകിവരുന്ന ക്ഷേമവികസന പദ്ധതികൾ എത്രകണ്ട് ഈ വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കാൻ സഹായിച്ചുവെന്നതിനെ സംബന്ധിച്ച് ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | <u>പട്ടികജാതി വികസന വകുപ്പ്</u><br><br>നടപടി സ്വീകരിച്ചിട്ടുണ്ട്. പഠനം നടത്തുന്നതിനായി സ്വയം ഭരണ സ്ഥാപനമായ GIFT (Gulathi Institute of Finance and Taxation) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനം നടത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br><br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br>2008-ൽ പട്ടിക വർഗ്ഗക്കാരുടെ പുരോഗതി സംബന്ധിച്ച് സോഷ്യോ എക്കണോമിക് പഠനം നടത്തിയിട്ടുണ്ട്. 10 വർഷം പൂർത്തിയായ സാഹചര്യത്തിൽ പദ്ധതികൾ നടത്തിപ്പിന്റെ പുരോഗതി പട്ടിക വർഗ്ഗ മേഖലയിൽ എത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കുന്നതിനായി 2008 ന് സമാനമായ സർവ്വേ ആരംഭിക്കുന്നതിന് സർക്കാർ ആലോചിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ